# തലവെട്ടലും തലയില്ലായ്മയുടെ പ്രത്യേയശാസ്ത്രവും

സ്വന്തമായൊരു കൊടിയും, പേരിനൊരു ചിഹ്നവും അഞ്ചുവർഷം കൂടുമ്പോൾ വാടകയ്ക്ക് ആളെ എടുത്തിട്ടെങ്കിലുമൊരു ശക്തി പ്രകടനവും നടത്താൻ കഴിഞ്ഞാൽ ഏത് ഈർക്കിൽ പാർട്ടിക്കും മുന്നണികളിൽ സ്ഥാനമുറപ്പാണ്. കൂടിവന്നാൽ അഞ്ച് വർഷത്തെ ഇടവേളകളിൽ മുന്നണികൾക്ക് മാറിമാറി ഭരിക്കാൻ അവസരവും ലഭിക്കും. അതുകൊണ്ട് തന്നെ കേരളത്തിലെ എല്ലാ പാർട്ടികൾക്കും നമ്മെ ഭരിക്കാനുള്ള അവസരം ലഭിക്കുന്നുണ്ട്. ചില ചെറിയ പാർട്ടികൾ ഭരണമാറ്റത്തോടൊപ്പം മുന്നണി മാറ്റവും നടത്തി അധികാരത്തിന്റെ തുടർച്ച അനുഭവിക്കുമ്പോൾ വല്യേട്ടൻ പാർട്ടികൾക്ക് ആ നിലയ്ക്ക് പോകാൻ കഴിയാറില്ല. അതുകൊണ്ട് തന്നെ അഞ്ചു വർഷത്തെ ഈ വനവാസകാലം അവരിൽ അസംതൃപ്തിയും ആശയക്കുഴപ്പങ്ങളും സൃഷ്ടിക്കാറുണ്ട്. ആയതിനാൽ സമകാലീന രാഷ്ട്രീയം അധികാരഭ്രംശരുടെ അസംതൃപ്തിയിലും അധികാരത്തിന്റെ ആകുലതകളിലുമാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിൽ നട്ടംതിരിയുന്ന ജനത്തിനേൽക്കുന്ന ആഘാതങ്ങളെ ആരും കാര്യമാക്കുന്നില്ല.

മുൻകാലങ്ങളിൽ രാഷ്ട്രീയപാർട്ടികൾ മുന്നോട്ടു വച്ചിട്ടുള്ള വ്യക്തമായ ആശയങ്ങളോ വികസന കാഴ്ചപ്പാടുകളോ ഇന്ന് അന്യമായിരിക്കുകയാണ്. അധികാരക്കസേരകളിൽ തിരിച്ചെത്തുവാനുള്ള വ്യഗ്രതയോടെ ഉയർത്തിവിടുന്ന കുതന്ത്രങ്ങളാൽ സജീവമാകുകയാണ് ഇന്ന് രാഷ്ട്രീയം. അതിലേക്ക് സമസ്ത മേഖലകളേയും വലിച്ചിഴച്ചുകൊണ്ട് ജനജീവിതം ദുഃസ്സഹമാക്കുകയാണ്. അതുകൊണ്ട് തന്നെയാണ് സത്യസന്ധവും ആത്മാർത്ഥവുമായ പ്രവർത്തനങ്ങളിൽ നിന്ന് അകന്നുകൊണ്ട് ഫ്ളക്സ് ബോർഡുകളിലും പോസ്റ്ററുകളിലും മാത്രമായി രാഷ്ട്രീയം ഒതുങ്ങിമാറുന്നത്. ഇതിനൊരു ഉദാഹരണമാണ് ഇപ്പോൾ സജീവമായിരിക്കുന്ന പോസ്റ്റർ വിവാദം.

അനാവശ്യമായി ഒരു മതവിഭാഗത്തെ ജീർണ്ണതയാർന്ന രാഷ്ട്രീയ പ്രതലത്തിലേക്ക് തള്ളിയിറക്കി മുതലെടുപ്പു നടത്താനുള്ള കുബുദ്ധിയാണ് ഇതിനു പിന്നിലുള്ളതെന്ന് നിസ്സംശയം പറയാം. എല്ലാ വിഭാഗമാളുകളാലും ഏശുദേവൻ ആരാധിക്കപ്പെടുന്നതും ആദരിക്കപ്പെടുന്നതും പുതിയൊരു കാര്യമല്ല. ഏശുദേവൻ ഉയർത്തിയ ആശയങ്ങളിലെ മനുഷ്യസ്നേഹത്തിന്റെ നീരുറവയെ മനസിലാക്കുവാൻ CPM കാർക്ക് കാലതാമസമുണ്ടായി എന്ന അപരാധത്തിന് നമുക്ക് മാപ്പുകൊടുക്കാം. അവർ പറയുന്ന വാക്കുകളിൽ സ്ഫുരിക്കുന്നത് സത്യസന്ധതയാണെങ്കിൽ മാത്രം. കാര്യങ്ങളെ വിശകലനം ചെയ്താൽ അവരുടെ വാക്കുകളിലെ സത്യസന്ധതയെ നമുക്ക് സംശയിക്കേണ്ടിവരും. ഏശുദേവൻ ഉയർത്തിയ ആശയങ്ങളുടെ ആഴങ്ങളൊന്നും ദർശിക്കാതെ ബൈബിളിൽ ദേവൻ ചാട്ടവാറെടുത്ത ഏക സംഭവത്തെ പ്രതിപതിച്ചുകൊണ്ട് CPM കാർ അദ്ദേഹത്തെ വിപ്ലവകാരിയെന്നു അഭിവാദ്യം ചെയ്യുമ്പോൾ വൃണപ്പെടുന്നത് ഏശുവിനെ ദൈവപുത്രനായി കണ്ട് ആരാധിക്കുന്ന കോടിക്കണക്കിന് ജനങ്ങളുടെ വിശ്വാസമാണ്. സ്വന്തം നിലപാടുകളിൽ നിന്ന് പിറകോട്ട് പോകാതെ ഏശുദേവനെ ഞങ്ങൾ ആദരിക്കുന്നു എന്ന പ്രചരണം ലക്ഷ്യമിടുന്നത് അധികാരക്കസ്സേരയിൽ തിരിച്ചെത്തുവാനുള്ള വോട്ട് രാഷ്ട്രീയത്തിന്റെ കള്ളക്കളികളാണ്. ഇത് ഏശുദേവനിൽ തുടങ്ങിയതോ ഒതുങ്ങി നിൽക്കുമെന്നോ കരുതാനാവില്ല. അധികാരഭ്രമം മൂത്ത രാഷ്ട്രീയ കുതന്ത്രങ്ങൾ ഇനിയും പ്രവാചകന്മാരോടു നവോത്ഥാന നേതാക്ക

ന്മാരോടും താതാല്മ്യം പ്രാപിച്ച് ഞങ്ങളാണ് ശരിയെന്ന് വാദിക്കും. ഇത് പുതുതായൊന്നും അവതരിപ്പിക്കാനില്ലാത്തവന്റെ അല്പത്തമാണ്.

ഈ നിലയിൽ നമ്മെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നത് മറ്റൊന്നുമല്ല. ഏശുദേവനെ ആദരിച്ചുകൊണ്ടുയർത്തിയ പോസ്റ്റർ വന്നതിനു പിന്നാലെ CPM കാർ ഉയർത്തിയ മറ്റൊരു ഫ്ളക്സ് ബോർഡുതന്നെയാണ്. വിശ്വാസികളുടെ മനസിലും പരിപാവനമായ ഇടങ്ങളിലും പ്രതിഷ്ടിക്കപ്പെട്ടിട്ടുള്ള ലിയാനാർഡോ സാവിഞ്ചിയുടെ 'ദി ലാസ്റ്റ് സപ്പർ' എന്ന പെയിന്റിഗ് വികൃതമാക്കിക്കൊണ്ടുള്ള നടപടി തീർത്തും അപലപനീയമായിരുന്നു. ഒരു വിഭാഗമാളുകളാൽ ഒരേ സമയം ഏശുദേവൻ ആദരിക്കപ്പെടുകയും നിന്ധിക്കപ്പെടുകയും ചെയ്യുന്നതെന്തുകൊണ്ടാണ്? ആൽമാർത്ഥതയില്ലാത്ത ആദരിക്കലിന്റെ യഥാർത്ഥവശമാണ് ഈ നിന്ദിക്കൽ എന്ന് തിരിച്ചറിയുവാൻ സാമാന്യബുദ്ധി മാത്രം മതിയാകും. ഇതുവഴി CPM കാർ വെളിവാക്കുന്ന മറ്റൊരുകാര്യം തങ്ങളുടെ വളർച്ചയുടെ പാരമ്യതയിൽ ആശയങ്ങളെ അപഹരിക്കുവാനും കലാസൃഷ്ടികളെ വികൃതമാക്കുവാനുമുള്ള വ്യഗ്രതയാണ്. ഒരു കാലത്ത് തങ്ങളുടെ ആശയങ്ങളുടെ പ്രചരണത്തിനായി നാടകങ്ങൾ, കഥ, നോവൽ, കവിത, ശില്പങ്ങൾ തുടങ്ങി നിരവധി കലാരൂപങ്ങളേയും കലാകാരന്മേയും ഉപയോഗപ്പെടുത്തിയവർ, അതിന്റെ ഗൃഹാതുരത്വത്തിൽ രമിച്ച് ആശയങ്ങൾ കടമെടുക്കുകയും കലയെ അപനിർമിക്കുകയും ചെയ്യുകയാണ്. ഏശുദേവന്റെ തലവെട്ടി ഒബാമയുടെ തലപ്രതിഷ്ടിക്കുക വഴി തങ്ങൾ തലയിലൊന്നുമില്ലാത്തവരാണെന്ന് പ്രഖ്യാപിക്കുകയാണ് ഇവർ ചെയ്യുന്നത്.

രാഷ്ട്രീയം രാഷ്ട്രത്തിനുവേണ്ടി എന്നുള്ളത് മാറിയിട്ട് അധികാരം കൈയ്യാളാൻ വേണ്ടിയിട്ടുള്ളതെന്നും. അധികാരം ജനത്തിനുവേണ്ടി എന്നുമാറിയിട്ട് വാണിജ്യസ്ഥാപനങ്ങൾ ആരംഭിക്കുവാൻ വേണ്ടിയും എന്നുള്ളടത്താണ് ഇന്ന് പല രാഷ്ട്രീയ പാർട്ടികളും പ്രവർത്തിക്കുന്നത്. ഈ നിലയിലേയ്ക്ക് ജീർണ്ണിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക് ജനത്തെ സ്വാധീനിക്കുവാൻ തക്ക ആശയങ്ങളെ അവതരിപ്പിക്കാൻ കഴിയാതെവരും. ആ നിലയിൽ പരാജയപ്പെടുന്ന രാഷ്ട്രീയ പാർട്ടികൾ അധികാരം ലക്ഷ്യം വച്ചുകൊണ്ട്, ജനമനസുകളിൽ പ്രകാശം പരത്തുന്ന പ്രവാചകന്മാരെ രാഷ്ട്രീയ പ്രദർശന ശാലകളിൽ പ്രദർശിപ്പിക്കും. വോട്ട് അല്ലാതെ മറ്റൊരു ലക്ഷ്യവുമില്ല എന്ന നിലയിലേക്ക് രാഷ്ട്രീയ പാർട്ടികൾ മാറുന്നത് അപകടകരമാണ്. വിശ്വാസികളോട്, ജനത്തോട്, രാഷ്ട്രത്തോട് സംവദിക്കാൻ രാഷ്ട്രീയ നേതൃത്വത്തിന് പുരോഗമനപരമായ, ആശയങ്ങളാണ് ഉണ്ടാവേണ്ടത്. അതുവഴിയാവണം അവർ ശ്രദ്ധയാകർഷിപ്പിക്കുവാനും സ്വീകാര്യരായി മാറേണ്ടതും. അല്ലാതെ മതവിഭാഗങ്ങളെ കുതന്ത്രങ്ങളുപയോഗിച്ച് കൂടെ നിർത്തുകയോ, മറ്റൊരവസരത്തിൽ യഥർത്ഥമുഖം കാണിച്ച് വൃണപ്പെടുത്തുകയോ അല്ല വേണ്ടത്. രാഷ്ട്രീയം രാഷ്ട്രത്തിനുവേണ്ടിയും മതം വിശ്വാസികൾക്കുവേണ്ടിയുമാണുള്ളത്. രണ്ടും ജനത്തിന് ശാന്തിയും സമാധാനവും നൽകുന്നതാകണം.

റവ: ഡോ. എബ്രഹാം മുളമൂട്ടിൽ

ചെയർമാൻ

പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ട്